**RATHEESH C V , HST SS , GHSS PERIKKALLOOR , WAYANAD , 9539824556**

# S S L C MARCH 2021 , SOCIAL SCIENCE

**FOCUS AREA D + NOTES**

## SOCIAL SCIENCE I

1. മെർക്കന്റലിസ്റ്റ് നിയമങ്ങൾ
   a.കോളനിയുടെ വ്യാപാരത്തിന് ഇംഗ്ലീഷ് കപ്പലോ സ്വന്തം കപ്പലോ ഉപയോഗിക്കണം
   b. കോളനിയിലെ പഞ്ചസാര,പരുത്തി,കമ്പിളി,പുകയില ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
   c. കോളനിരേഖകളിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
   d. കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ താമസസൗകര്യങ്ങൾ കോളനിക്കാർ നൽകണം
   e. കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില,ഗ്ലാസ്,കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നല്കണം

2. അമേരിക്കൻ വിപ്ലവത്തിന്റെ സ്വാധീനം /ഫലങ്ങൾ
   a. പിൽക്കാല സമരങ്ങൾക്ക് പ്രചോദനം നല്കി
   b. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി
   c. റിപ്പബ്ലിക്കൻ ഭരണരീതി മുന്നോട്ടുവച്ചു
   d. ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
   e. ഫെഡറൽ രാഷ്ട്രം എന്ന ആശയം നൽകി

3. ഫ്രഞ്ച് സമൂഹം
   a.ഒന്നാം എസ്റ്റേറ്റ് -പുരോഹിതന്മാർ,ഭൂവുടമകൾ,നികുതി നൽകേണ്ട,ഉയർന്ന പദവി
   b. രണ്ടാം എസ്റ്റേറ്റ്-പ്രഭുക്കന്മാർ ,ഭൂവുടമകൾ,നികുതി നൽകേണ്ട,ആഡംബരജീവിതം
   c.മൂന്നാംഎസ്റ്റേറ്റ്-മധ്യവർഗം,ഒരവകാശവുമില്ല,നികുതി നൽകണം,താഴ്ന്ന സാമൂഹിക പദവി

4.നെപ്പോളിയന്റെ പരിഷ്കാരങ്ങൾ
   a. കർഷകരെ ഭൂവുടമകളാക്കി
   b.ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു
   c.പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു.
   d.സിങ്കിങ് ഫണ്ട് രൂപീകരിച്ചു
   e.പുതിയ നിയമസംഹിത ഉണ്ടാക്കി.

5. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധിനം
   a. ദേശീയതയുടെ ആവിർഭാവം
   b. മധ്യവർഗ്ഗത്തിന്റെ വളർച്ച
   c. പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു
   d. ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം
   e. ജനകീയ പരമാധികാരം എന്ന ആശയം നൽകി.

6. റഷ്യൻ വിപ്ലവം കാരണങ്ങൾ
   a. ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം
   b. കർഷകരുടെയും തൊഴിലാളികളുടെയും ദുരിതജീവിതം
   c. കർഷകരുടെ വലിയ നികുതിഭാരം d. കാർഷിക -വ്യാവസായിക ഉല്പാദനകുറവ്

7. റഷ്യൻ വിപ്ലവം ഫലങ്ങൾ
   a.പില്ക്കാല ലോകചരിത്രത്തെ സ്വാധീനിച്ചു
   b.റഷ്യ ശാസ്ത്ര-സാങ്കേതിക-സാമ്പത്തിക പുരോഗതി നേടി
   c.സോവിയറ്റ് യൂണിയൻ (USSR)രൂപീകരിക്കപ്പെട്ടു
   d.സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകത്ത് പ്രചരിച്ചു

8. ഗാന്ധിജിയുടെ ആദ്യകാല / പ്രാദേശിക സമരങ്ങൾ
   1.ചമ്പാരനിലെ നീലം കർഷക സമരം- 1917 -ബീഹാർ
   2.അഹമ്മദാബാദ് തുണിമിൽ സമരം-1918-ഗുജറാത്ത്
   3.ഖേഡ കർഷക സമരം-1918-ഗുജറാത്ത്

9. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ
   A. നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും-1920
      ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക,ഹിന്ദു-മുസ്ലീം മൈത്രി വളർത്തുക
   B. സിവിൽ നിയമലംഘന സമരം/ഉപ്പുസത്യാഗ്രഹം-1930
      ബ്രിട്ടീഷുകാരുടെ ജനവിരുദ്ധ സിവിൽ നിയമങ്ങൾ ലംഘിക്കുക,പൂർണ്ണസ്വരാജ്.
   C. ക്വിറ്റ് ഇന്ത്യാ സമരം-1942 - ബ്രിട്ടീഷുകാർ ഇന്ത്യ വിടുക

10. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ
   A. വിദേശ വസ്തു ബഹിഷ്കരണം B. തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
   C. കോടതിയും ഇംഗ്ലീഷ് വിദ്യാലയങ്ങളും ബഹിഷ്കരിക്കുക,
   D. ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക, E .നികുതി നൽകാതിരുക്കുക.

11. സുഭാഷ് ചന്ദ്രബോസ്
   a. ഇന്ത്യൻ നാഷ്ണൽ ആർമി - INA
   b.ജാൻസിറാണി റെജിമെന്റ് -ക്യാപ്റ്റൻ ലക്ഷ്മി
   c.ഫോർവേഡ് ബ്ലോക്ക് എന്ന പാർട്ടി രൂപീകരിച്ചു

12. നാട്ടുരാജ്യസംയോജനം
   a. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് b.സർദാർ വല്ലഭ്ഭായ് പട്ടേൽ
   c. വി പി മേനോൻ d. ലയനക്കരാർ

13. ശാസ്ത്ര – സാങ്കേതിക നേട്ടങ്ങൾ
   a. ശാസ്ത്ര ഗവേഷണ സമിതി.
   b. IIT സ്ഥാപിതമായി.
   c. എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.
   d. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
   e. ഇന്ത്യൻ ആണവോർജ കമ്മീഷൻ

14.വിദ്യാഭ്യാസ പുരോഗതി
   A. വിദ്യാഭ്യാസ കമ്മീഷനുകളെ നിയമിച്ചു.
      1. ഡോ.രാധാകൃഷ്ണൻ കമ്മീഷൻ -1948 -കോളേജ് വിദ്യാഭ്യാസം, UGC
      2. ലക്ഷ്മണസ്വാമി -മുതലിയാർ കമ്മീഷൻ -1952 -സെക്കണ്ടറി വിദ്യാഭ്യാസം,ത്രിഭാഷ പദ്ധതി
      3. കോത്താരി കമ്മീഷൻ -1964 -ദേശീയ വിദ്യാഭ്യാസ മതൃക -10+2+3 മാതൃക
   B. 1986 ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചു.
   C. വിദ്യാഭ്യാസ പദ്ധതികൾ - OBB,MLL,DPEP,SSA,RMSA
   D. വിദ്യാഭ്യാസ സ്ഥാപനങ്ങൾ - NCERT,SCERT,DIET,BRC
   E. 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കി.

15 . ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്വങ്ങൾ
   a.കോളനിവ്യവസ്ഥയോടുള്ള എതിർപ്പ് b.സമാധാനപരമായ സഹവർത്തിത്വം
   c. UNO യിലുള്ള വിശ്വാസം d. പഞ്ചശീലതത്വങ്ങൾ e. ചേരിചേരായ്മ
   f. വംശീയവാദത്തോടുള്ള വിദ്വേഷം

16. പൊതുഭരണത്തിന്റെ പ്രാധാന്യം
   a. ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു b. ജനക്ഷേമം ഉറപ്പാക്കുന്നു
   c. ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു d. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

17. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ
   a. ശ്രേണിപരമായ സംഘാടനം b.സ്ഥിരത c. യോഗ്യത അടിസ്ഥാനമാക്കി നിയമനം
   d. രാഷ്ട്രീയ നിഷ്പക്ഷത e. വൈദഗ്ധ്യം.

18. ഇന്ത്യൻ സിവിൽ സർവ്വീസ്
   a.അഖിലേന്ത്യാസർവ്വീസ്-ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു, IAS ,IPS
   b. കേന്ദ്ര സർവ്വീസ്-ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു, IFS,IRS
   c. സംസ്ഥാന സർവ്വീസ്-സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു,വില്ലേജ് ഓഫീസർ

19. ഇ ഗവേണൻസ് നേട്ടങ്ങൾ
   a. സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ട.
   b. IT സഹായത്താൻ സേവനം നേടാം.
   c. സർക്കാർ സേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു.
   d. ഓഫീസുകളുടെ കാര്യക്ഷമത വർധിക്കുന്നു. e. സേവനത്തിന്റെ ഗുണമേന്മ വർധിക്കുന്നു.

## SOCIAL SCIENCE II

1. ഋതുഭേദങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ
   a. ഭൂമിയുടെ പരിക്രമണം b. അച്ചുതണ്ടിന്റെ ചരിവ്
   c.അച്ചുതണ്ടിന്റെ സമാന്തരത d. സൂര്യന്റെ അയനമാറ്റം

2. ഭ്രമണം : a. ഭൂമി സ്വന്തം കറങ്ങുന്നതാണ് ഭ്രമണം. b. ഇത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്.
   c. ആദ്യം സൂര്യോദയം കിഴക്കുദിക്കിലാകും. d. ഒരു ഭ്രമണത്തിന് 24 മണിക്കൂർ വേണം.
   e.ഭ്രമണഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.

3. ഗ്രീനിച്ച് സമയം : ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

4. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം : 82.5 ഡിഗ്രി പൂർവരേഖാംശമാണ് ഇന്ത്യയുടെ മാനകരേഖാംശം.ഇവിടുത്തെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.

5. അന്താരാഷ്ട്ര ദിനാങ്കരേഖ : a. 180 ഡിഗ്രി രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ
   b.ഈ രേഖ ഒരു നേർരേഖയല്ല. . d.ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ വ്യത്യാസമുണ്ടാകും.

6. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ
   വിദ്യാഭ്യാസം , സാക്ഷരതാ നിരക്ക്, ആരോഗ്യപരിപാലനം , ആയുർദൈർഘ്യം

7. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ / സവിശേഷതകൾ
   a. സാമ്പത്തിക അന്തരം കുറയ്ക്കാം b. പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
   c. സാമൂഹികക്ഷേമം ഉറപ്പുവരുത്താം d. തൊഴിലാളികളുടെ ഉല്പാദനക്ഷമത കൂട്ടാം

8. വിദ്യാഭ്യാസം സാമ്പത്തിക /രാജ്യത്തിന്റെ വികസനത്തിലേക്ക് നയിക്കുന്ന വിധം
   വിദ്യാഭ്യാസം -വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു - സാങ്കേതിക അറിവ് ലഭിക്കുന്നു - മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു - ജീവിത നിലവാരം ഉയരുന്നു

9. വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ
   ICDS ,SSA,RMSA,NSDMRS

10. ആരോഗ്യമുള്ളവ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു
   a. പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കും
   b. തൊഴിൽദിനം കൂടും ഉല്പാദനം കൂടും
   c. ഉല്പാദനവർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും
   d. ചികിത്സാച്ചെലവ് കുറച്ച് സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാം.

11. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ
   NRHM - ഗ്രാമീണമേഖലയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു
   NUHM - പട്ടണങ്ങളിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു.

12. ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം
   a. ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു
   b.മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നു
   c. വരണ്ട ശീതകാറ്റിനെ ചെറുക്കുന്നു
   d.നദികളുടെ ഉത്ഭവപ്രദേശം
   e.വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ

13. ഹിമാലയൻ നദികൾ - 1. സിന്ധു 2. ഗംഗ 3. ബ്രഹ്മപുത്ര

14. ഉപദ്വീപീയ നദികൾ - 1.മഹാനദി 2.ഗോദാവരി 3. കൃഷ്ണ 4. കാവേരി 5.നർമദ 6.താപ്തി

15. ഉത്തരപർവ്വതമേഖല
   a. ട്രാൻസ് ഹിമാലയം- കാരക്കോറം, ലഡാക്ക്, സസ്കർ
   b. ഹിമാലയം - ഹിമാദ്രി, ഹിമാചൽ, സിവാലിക്
   c. കിഴക്കൻ മലനിരകൾ - പത്കായിബും,നാഗാകുന്നുകൾ,ഗാരോ,ഖാസി,ജയന്തിയ കുന്നുകൾ,

16. ഉപദ്വീപീയ പീഠഭൂമി -സവിശേഷതകൾ
   a.ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗം b.ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഭൂവിഭാഗം
   c.ഉറപ്പേറിയ ശിലകളാൽ നിർമ്മിതമായത്. d.15 ലക്ഷം ച.കി.മീ.വിസ്തൃതിയുണ്ട്
   e.ഇവിടുത്തെ ഏറ്റവും ഉയരമേറിയ കൊടുമുടിയാണ് ആനമുടി (2695 മീ.)-കേരളം

17. ഉപദ്വീപീയ പീഠഭൂമിയുടെ പ്രാധാന്യം
   a.ഏറ്റവും വലിയഭൂവിഭാഗം b വൈവിധ്യമാർന്ന ഭൂപ്രകൃതി. c. ധാതുക്കളുടെ കലവറ
   d. നദികളുടെ ഉത്ഭവപ്രദേശം f. കറുത്ത പരുത്തിമണ്ണ് കാണപ്പെടുന്നു

18. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യേകതകൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയത്തിൽ നിന്ന് ഉത്ഭവിക്കുന്നു | പീഠഭൂമിയിലെ മലകളിൽ നിന്ന് ഉത്ഭവിക്കുന്നു |
| വിസ്തൃതമായ വൃഷ്ടിപ്രദേശം | കുറഞ്ഞ വൃഷ്ടിപ്രദേശം |
| അപരദന തീവ്രത കൂടുതൽ | അപരദന തീവ്രത കുറവ് |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ജലഗതാഗതത്തിന് സാധ്യത കുറവ് |

19. തീരസമതലങ്ങളുടെ സവിശേഷതകൾ

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| a. അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>b.റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>c. താരതമ്യേന വീതി കുറവ്<br>d. ഗുജറാത്ത് തീരസമതലം,കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>e. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | a. ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ<br>b.സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>c. താരതമ്യേന വീതി കൂടുതൽ<br>d. കോറമണ്ഡൽ തീരസമതലം,വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>e. ഡെൽറ്റാ രൂപീകരണം നടക്കുന്നു |